# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26



## ആമുഖം

പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് താലൂക്കിൽ കാരാകുറുശ്ശി ഗ്രാമപഞ്ചായത്തിലെ പുല്ലിശ്ശേരി എന്ന പ്രദേശത്ത് തലയുയർത്തി നിൽക്കുന്ന അപ്പർ പ്രൈമറി വിദ്യാലയമാണ് സെന്റ് മേരിസ് യുപി സ്കൂൾ പുല്ലിശ്ശേരി. എൽകെജി മുതൽ ഏഴാം ക്ലാസ് വരെയായി കുട്ടികൾ ഇവിടെ പഠിച്ചു കൊണ്ടിരിക്കുന്നു. കെ ജി സെക്ഷനിൽ 6 അധ്യാപികമാരും എൽപി യുപി വിഭാഗങ്ങളിലായി 33 അധ്യാപകരും ഒരു ഓഫീസ് അസിസ്റ്റന്റും രണ്ട് പാചക തൊഴിലാളികളും ഇവിടെ സേവനം ചെയ്യുന്നു മികച്ച ക്ലാസ് റൂമുകൾ ശാന്തമായ പഠനാന്തരീക്ഷം വിശാലമായ കമ്പ്യൂട്ടർ ലാബ് ആധുനിക സൗകര്യങ്ങളോടുകൂടിയ ഓഫീസ് വിശാലമായ കളിസ്ഥലം പഠനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നൂതന സാങ്കേതിക ഉപകരണങ്ങളായ പ്രൊജക്ടറുകൾ ലാപ്ടോപ്പുകൾ സയൻസ് സോഷ്യൽ ഗണിത ലാബുകൾ വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന ക്ലബ്ബുകൾ യൂണിറ്റ് ലൈബ്രറി വിദ്യാർത്ഥികളുടെ യാത്രാസൗകര്യത്തിനായി പ്രവർത്തിക്കുന്ന മൂന്നു ബസ്സുകൾ തുടങ്ങിയവ ഈ വിദ്യാലയത്തിന്റെ പ്രത്യേകതകളാണ്.....

## അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര്: സെന്റ് മേരീസ് യുപി സ്കൂൾ,
പുല്ലിശ്ശേരി

വിലാസം : പുല്ലിശ്ശേരി പി ഓ
പാലക്കാട് ഡിസ്ട്രിക്റ്റ്
കേരള
678582

ഫോൺ : 04924235084

സ്കൂൾ കോഡ് : 21894

വിദ്യാഭ്യാസ ഉപജില്ല : മണ്ണാർക്കാട്

വിദ്യാഭ്യാസ ജില്ല : മണ്ണാർക്കാട്

റവന്യൂ ജില്ല : പാലക്കാട്

ബി ആർ സി : മണ്ണാർക്കാട്

ഗ്രാമപഞ്ചായത്ത് : കാരാകുറുശ്ശി

ബ്ലോക്ക് പഞ്ചായത്ത് : ശ്രീകൃഷ്ണപുരം

ജില്ലാ പഞ്ചായത്ത് : പാലക്കാട്

നിയമസഭാ മണ്ഡലം : കോങ്ങാട്

ലോകസഭാ മണ്ഡലം : പാലക്കാട്

താലൂക്ക് : മണ്ണാർക്കാട്

വില്ലേജ് : കാരാകുറുശ്ശി

ഇമെയിൽ : smups.pullissery@gmail.com

# ചരിത്രം

മണ്ണാർക്കാട് നഗരത്തിൽനിന്നും 5.5 km അകലെയാണ് സെന്റ്. മേരീസ് യു.പി സ്കൂൾ സ്ഥിതി ചെയ്യുന്നത്. ഗതാഗത സൗകര്യങ്ങളോ വാഹന സൗകര്യങ്ങളോ ഇല്ലാതിരുന്ന ഈ ഗ്രാമപ്രദേശത്ത് 1953 ലാണ് ഈ സ്കൂൾ സ്ഥാപിതമാവുന്നത്. കാവുങ്ങൽ മാധവൻ നായരാണ് ഈ സ്കൂളിന്റെ സ്ഥാപക മാനേജർ. തുടക്കത്തിൽ നാലാം ക്ലാസ് വരെ മാത്രം ഉണ്ടായിരുന്ന ഈ സ്കൂൾ 1960 ലാണ് യു.പി. സ്കൂളായി ഉയർത്തപ്പെട്ടത്. ആദ്യകാലത്ത് ഓലപ്പുരയായിരുന്ന ഈ സ്കൂൾ ഓട്ടുപുരയിലേക്കും പിന്നീട് കോൺക്രീറ്റ് കെട്ടിടത്തിലേക്കും മാറുകയുണ്ടായി. മാധവൻ നായർക്ക് ശേഷം കൊറ്റിയോട് ബാലകൃഷ്ണപണിക്കരും അദ്ദേഹത്തിന്റെ കാലശേഷം ഡോ.രാധാകൃഷ്ണനും ഈ സ്കൂൾ ഏറ്റെടുത്തു. 1999 ൽ അസ്സീസ്സി സഭ ഏറ്റെടുത്തതോടെ സ്കൂളിന്റെ മുഖച്ഛായ തന്നെ മാറി. മികച്ച ഭൗതിക സൗകര്യങ്ങളൊരുക്കു- ന്നതിന്റെ ഭാഗമായി പഴയ കെട്ടിടങ്ങൾ ഒഴിവാക്കി വിശാലമായ ക്ലാസ്സ്മുറികളോടെ ഇരുനില കെട്ടിടം നിർമ്മിക്കുകയുണ്ടായി. കംപ്യൂട്ടർലാബ്,സയൻസ് ലാബ്, സോഷ്യൽ സയൻസ് ലാബ്, വിശാലമായ ലൈബ്രറി - റീഡിങ് റൂം, കളിസ്ഥലം ഉൾപ്പെടെയുള്ള ഭൗതിക സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

സി. ലിലിയ മരിയ ആലൂക്കാരൻ, സി. പൗളിറ്റ ചാണ്ടി, സി. ലൂസി കളപ്പുരയ്ക്കൽ, സി. ലിസ്സ തോമസ്,സി. ആൻസലിൻ എന്നിവരായിരുന്നു മുൻ മാനേജർമാർ. സിസ്റ്റർ റോസ്ബെൽ ആണ് നിലവിലെ മാനേജർ. രാമൻകുട്ടി ഗുപ്തൻ, ഗോവിന്ദൻകുട്ടി മാസ്റ്റർ, നാണിക്കുട്ടി കെ വി, ശാരദാമ്മ പി, പി ബാലസുബ്രഹ്മണ്യൻ, സിസ്റ്റർ ഷാന്റി ഫ്രാൻസിസ് എന്നിവർ ഈ സ്കൂളിന്റെ മുൻ പ്രധാനാധ്യാപകരാണ്. നിലവിൽ സിസ്റ്റർ. ഷേർലി വി. ജെ യാണ് പ്രധാനാധ്യാപിക. പ്രീ പ്രൈമറി മുതൽ ഏഴാം ക്ലാസ് വരെയായി1082 വിദ്യാർത്ഥികൾ ഇവിടെ പഠിച്ചുകൊണ്ടിരിക്കുന്നു. പാഠ്യ - പാഠ്യേതര രംഗത്ത് തിളക്കമാർന്ന നേട്ടങ്ങൾ കൈവരിച്ച ഈ വിദ്യാലയം കലാ - കായിക രംഗത്തും ജില്ലയിൽ ഉന്നത സ്ഥാനങ്ങൾ കരസ്ഥമാക്കിയിട്ടുണ്ട്. പുല്ലിശ്ശേരി എന്ന ഗ്രാമപ്രദേശത്തിലെ ഏക പൊതുവിദ്യാലയമെന്ന നിലയിൽ നാട്ടുകാരുടെ അറിവിൻ വിളക്കുമാടമായി ഈ വിദ്യാലയം പ്രകാശിച്ചു നിൽക്കുന്നു.

## മികവുകൾ നേട്ടങ്ങൾ

- എൽ എസ് എസ്
- യു എസ് എസ്
- അറബിക് -ഉറുദു ജില്ലാ കലോത്സവ ചാമ്പ്യന്മാർ
- എൽപി സോണൽ സ്പോർട്സ് ജേതാക്കൾ
- വിദ്യാരംഗം പഞ്ചായത്ത് തല വിജയം
- വിജയോത്സവം
- പഠനയാത്രകൾ
- മികവുത്സവം
- സംസ്കൃതം-ഹിന്ദി സ്കോളർഷിപ്പുകൾ
- ശാസ്ത്ര പ്രവർത്തി പരിചയമേള സബ്ജില്ലാതല നേട്ടം
- അമ്മ വായന-പോസ്റ്റർ നിർമ്മാണം
- രക്ഷിതാക്കൾക്കുള്ള  വിദഗ്ധരുടെ ക്ലാസുകൾ
- ഫീൽഡ് ട്രിപ്പുകൾ
- അറബി കലോത്സവം ജില്ലാതല വിജയം
- ഫുട്ബോൾ ടൂർണ്ണമെന്റ്
- പ്ലാസ്റ്റിക് മുക്ത വിദ്യാലയം
- ഭാഷയിൽ പിന്നാക്കം നിൽക്കുന്നവർക്കുള്ള ഉണർവ് പദ്ധതി
- പച്ചക്കറി തോട്ടം
- ഗൈഡ്സ് യൂണിറ്റ്
- ബാൻഡ് സംഘം




വിദഗ്ധരുടെ ക്ലാസുകൾ










വായനദിനം



ബഷീർ കഥാപാത്രങ്ങളുടെ ആവിഷ്കാരം



സ്കൂൾ പാർലമെന്റ്



സ്കൂൾ പത്രം





പഠന വിനോദയാത്ര












സബ് ജില്ലാ ഉറുദു കലോത്സവം ഫസ്റ്റ്





സബ് ജില്ലാ അറബി കലോത്സവം ഫസ്റ്റ്



ജില്ലാ അറബി കലോത്സവം



തച്ചമ്പാറ സോണൽ കായിക മേള എൽ പി വിഭാഗം ഒന്നാം സ്ഥാനം





സോണൽ സ്പോർട്സ്
വ്യക്തിഗത ചാമ്പ്യൻ




പൂർവ്വ വിദ്യാർത്ഥി അനുമോദനം


പൂർവ്വ വിദ്യാർത്ഥി അനുമോദനം

# മോണിട്ടറിംഗ്

ഉദ്യോഗസ്ഥ തലത്തിലുള്ള മോണിട്ടറിംഗ് സ്കൂൾതലം മുതൽ ശക്തമാക്കുന്നു.

സോഷ്യൽ മോണിട്ടറിംഗ് രീതി (പി.ടി.എ., എം.പി.ടി.എ., എസ്.എസ്. ജി., എസ്. ആർ.ജി., ഒ.എസ്.എ. എന്നിവരെ ഉൾപ്പെടുത്തി) നടപ്പിലാക്കുന്നു.

ദൈനം ദിന മോണിട്ടറിംഗ് എച്ച്.എം. എസ്.ആർ.ജി. കൺവീനർ, പി.ടി.എ പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ നടത്തുന്നു.

# ഉപസംഹാരം

സെന്റ് മേരീസ് യുപി സ്കൂൾ പുല്ലൂർശ്ശേരിയിൽ 2025-26 അധ്യയന വർഷത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന അക്കാദമിക പ്രവർത്തനങ്ങളുടെ ഹ്രസ്വരേഖയാണിത്. ഇവ കൃത്യമായി നടപ്പിലാക്കുന്നതിലൂടെ വിദ്യാലയത്തിലെ മുഴുവൻ കുട്ടികളെയും കരിക്കുലം നിർദ്ദേശിക്കുന്ന മികവിലേക്കെത്തിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

Class:1
Subject: English

| Aim | Activity | Time | Support |
|---|---|---|---|
| *Respond to simple instructions in the classroom.<br>*Describe orally about the pictures and objects.<br>*Familiaries with simple words.<br>*Enjoy songs and sings them with words.<br>*Familiaries the names of birds, animals,their young ones and identifies them from pictures. | *Introduce symbol words.<br>*Provides picture cards.<br>*Say familiar words.<br>*Read and write familiar words.<br>*Enjoy songs and sings them with words.<br>*Describe orally about the pictures and objects.<br>*Read and write simple words and simple sentences.<br>*Introduce symbol picture descriptions.<br>*Make word chain, sentence chain, make riddles.<br>*Provide more opportunities to read write and speak English.<br>*Writes five english words daily.<br>*Read and understand simple instructions in the classroom.<br>*Encourage digital reading. | June to march | Teacher |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

. മലയാളം ക്ലാസ്സ് 1

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.<br>* സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.<br>* രക്ഷിതാവിന്റെ | * താളാത്മകമായി ചെറുകവിതകൾ ചൊല്ലൽ.<br>* കഥ കേൾക്കൽ അവതരിപ്പിക്കൽ.<br>* സചിത്ര നോട്ടുബുക്ക്,സചിത്ര ആസൂത്രണം,അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.<br>*ചിത്രകാർഡുകൾ വായന കാർഡുകൾ നിർമ്മാണ ശില്പശാല.<br>*ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പോസ്റ്റർ പരിചയപ്പെടുത്തൽ തയ്യാറാക്കൽ.<br>* ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു. | ജൂൺ | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| യും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.<br>*ലളിതമായ ബാലസാഹിത്യ കഥകൾ /കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക. | * സംയുക്ത ഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.<br>* വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.<br>* രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.<br>* അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ച് വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.<br>* ചിത്ര വായന നടത്തുന്നു. വാചി കമായി പറയുന്നു. | ജൂൺ-ജൂലൈ | ക്ലാസ് ടീച്ചർ | |
| *ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.<br>* തീയറ്റർ സാധ്യതകൾ, വായനാകേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.<br>* ലിപികൾ | * സംയുക്ത ഡയറി എഴുത്ത് തുടരുന്നു.<br>*പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.<br>* പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.<br>* ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ, ചിത്ര വായന കാർഡുകൾ എന്നിവ തയ്യാറാക്കുന്നു.<br>*രചനോത്സവത്തിൽ | ജൂലൈ - ഓഗസ്റ്റ് - | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു. വായിക്കുന്നു.<br>* കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.<br>* പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.<br>*രക്ഷിതാവിന്റെയും അധ്യാപികയും സഹായത്തോടെ നിർമാണ ശില്പശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു.* രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു. | കുട്ടികൾ സ്വതന്ത്ര രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.<br>*ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.<br>*സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.<br>* സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നു.<br>* വ്യക്തിഗതരചനകൾക്ക് അവസരം ഒരുക്കുന്നു.കുട്ടികളെ സ്വതന്ത്ര രചിതാക്കളും വായനക്കാരുമായി മാറ്റുന്നു.<br>* വായനോത്സവം സംഘടിപ്പിക്കുന്നു.<br>*ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.<br>*രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.<br>*ഭാഷാപ്രവർത്തനങ്ങൾ | ജൂലൈ - സെപ്റ്റംബർ.<br>സെപ്റ്റംബർ - ഒക്ടോബർ | ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| | സർഗാത്മകവും സജീവവും ആകുന്നു.<br>* കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു.<br>* ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടത്തുന്നു. | സെപ്റ്റംബർ - നവംബർ | ക്ലാസ് ടീച്ചർ. | |
| | * സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.<br>*കൂട്ട വായന വീട്ടുവായന ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കുന്നു.<br>* വായനോത്സവം, രചനോത്സവം ആരംഭിക്കുന്നു.<br>പത്ര വായനയ്ക്ക് അവസരം നൽകുന്നു. | സെപ്റ്റംബർ - ഡിസംബർ. | ക്ലാസ് ടീച്ചർ. | |
| | * സംയുക്ത ഡയറിയിൽ കുട്ടിയെഴുത്ത് | | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| | കൂടുതലാക്കുന്നു.<br>*ചെറിയ വായനക്കാർഡുകൾ, ബാലസാഹിത്യ കൃതികൾ എന്നിവ ഉപയോഗിച്ച് കൂട്ടവായന നടത്തുന്നു.<br>*ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാ ക്കുന്നു.<br>*ദൈനം ദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ തലക്കെട്ട് എഴുതുന്നു. ക്ലാസ്സ് പത്രം രൂപപ്പെടുത്തുന്നു. | ഒക്ടോബർ - ജനുവരി | ക്ലാസ് ടീച്ചർ | |
| | *തിയേറ്റർ സാധ്യതകൾ, വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.<br>*സംയുക്ത ഡയറിയിലെ മികച്ച രചനകൾ ഡിജിറ്റൽ പോർട്ട് ഫോളിയോയിൽ സൂക്ഷിക്കുന്നു. | നവംബർ - ഫെബ്രുവരി | ക്ലാസ് ടീച്ചർ | |
| | *കുട്ടികളുടെ സർഗ്ഗ ശേഷികൾ സമൂഹത്തിന് മുമ്പിൽ അവതരിപ്പിക്കുന്നു. | ഫെബ്രുവരി - മാർച്ച് | | |

| | | | | |
|---|---|---|---|---|
| | *ഭാഷോത്സവം, രചനോത്സവം എന്നീ ഭാഷാ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു. കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.<br>*കുട്ടികളുടെ മികവുകൾ സമൂഹത്തിനു മുൻപിൽ പ്രകടിപ്പിക്കുന്നു.<br><br>*കുട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.<br>*വീട്ടുവായന, അമ്മവായനാ , ചങ്ങല വായന, സ്വന്ത വായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു. | | | |

ഗണിതം Class 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ജ്യാമതിയ രൂപങ്ങൾ തിരിച്ചറിയുന്നു. ഒന്ന് മുതൽഅഞ്ച് വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു | ജ്യാമ തിയ രൂപങ്ങൾ നിർമ്മിക്കുന്നു. | ജൂൺ ജൂലൈ | SRG |
| സംഖ്യയുടെ പകുതി തുല്യം കൂടുതൽ കുറവ് ചെറിയ സംഖ്യ എന്നിവ തിരിച്ചറിയുന്നു | ഗണിതസഞ്ചി സംഖ്യ ഗാനങ്ങൾ | ആഗസ്റ്റ്-ഒക്ടോബർ | SRG |
| ഒന്നു മുതൽ 20 വരെയുള്ള സംഖ്യ ബോധം ശാരീരികവും മാനസികവുമായ ക്ഷമത ഉറപ്പാക്കുന്നു | ചിത്രങ്ങളുടെ സഹായത്തോടെ സംഖ്യ ബോധം ഉറപ്പിക്കുന്നു കളികളിലൂടെയുള്ള ഗണിത പ്രവർത്തനങ്ങൾ | നവംബർ-മാർച്ച് | SRG |

മലയാളം

(ക്ലാസ്സ് 2)

'മലയാളം മധുരം' എന്ന ആശയത്തിലേക്ക്എത്തുന്നതിനായി രണ്ടാം ക്ലാസ്സിലെ കുട്ടികൾ നേടേണ്ട ശേഷികൾക്ക് അനുബന്ധമായി തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല |
|---|---|---|---|
| വായിക്കാനും എഴുതാനും ആശയങ്ങൾ പ്രകടിപ്പിക്കാനും അവസരമൊരുക്കൽ | *വായനാകാർഡിന്റെ സഹായത്തോടെ വാക്കുകളിൽ നിന്നും വാചകങ്ങൾ ഉണ്ടാക്കുന്നു<br>*ലളിതമായ അടിക്കുറിപ്പുകൾ തയ്യാറാക്കൽ<br>*കൂട്ടവായന<br>*വേദിയിൽ സ്വന്തമായി കഥ പറയൽ<br>*ചിത്രം കണ്ടു പറയൽ<br>*പദസൂര്യൻ<br>*സംയുക്ത ഡയറി<br>*പതിപ്പ് തയ്യാറാക്കൽ<br>* റീഡേർസ് തിയേറ്റർ<br>*രചനോത്സവം | | |
| ആശയങ്ങൾ സഹായമില്ലാതെ ലഘു വാക്യങ്ങൾ സ്വന്തമായി എഴുതാൻ | * ചിത്രങ്ങൾ കണ്ട് വാക്യങ്ങൾ കൂട്ടുന്നു<br>*വായന കാർഡ് നിർമ്മിക്കൽ<br>*പോസ്റ്റർ നിർമ്മാണം<br>*കലാരൂപങ്ങളും ആഘോഷങ്ങളും പരിചയപ്പെടുത്താൻ പ്രദർശനം<br>*കഥ എഴുതൽ<br>*അനുഭവം പങ്കുവെക്കൽ -എഴുതൽ<br>*അ സം ബ്ലിയിൽ വർത്താ,കഥ എന്നിവ പറയാൻ അവസരം നൽകൽ (തലക്കെട്ട്) | | |
| വ്യക്തമായി ആശയത്തോടെ പരിസരമൂല്യം ഉൾക്കൊണ്ടു പ്രവർത്തിക്കാൻ ഉള്ള കഴിവ് നേടുക | *ടീച്ചർ, കുട്ടികൾ ചേർന്ന് ക്ലാസ്സ് പത്രം നിർമിച്ചു പ്രദർശിപ്പിക്കുന്നു<br>*സംയുക്ത ഡയറി എഴുത്തിനു ഊന്നൽ<br>*പാത്രവായന<br>*ദിനാചരണങ്ങളിൽ പങ്കാളിത്തമുറപ്പിക്കൽ ഭാഷ ശേഷി നേടാനുള്ള പ്രവർത്ത ന ങ്ങൾക്ക് ഊന്നൽ നല്കുകൽ | | |

English - class - 2

| AIM | ACTIVITIES | DURATION | CHARGE | FINANCE |
| --- | --- | --- | --- | --- |
| To speak, Read, & write English without any mistakes<br>Listening<br>To develop listening skills & reading skills | 1-Games, Action songs Hello English activities<br>,2 -conversations, skit stories<br>Use ICT | June and July | Class teacher | |
| Speaking skills | 1-Identify the naming words from the picture.<br>2-Identify the action words from the same pictures<br>3-Make simple sentences using the action word and naming words about the picture<br>3-Make symbol description about the picture.<br>4- Growing sentences , picture reading, self introduction Assembly are also conducted<br>speech , book review, quiz | june-march | class teacher | |

| AIM | ACTIVITIES | DURATION | CHARGE | FINANCE |
|---|---|---|---|---|
| Develop the creative speaking and writing | | August and September | Teacher | |
| Reading skills | 1-News paper reading, library books reading, book review, reading breaking news,<br>2-find words.<br>3-collect and read past tense,<br>4-rhyming words,<br>5-describing words etc<br>6-Textbook activities | | | |
| Writing skills | 1-Make word web,<br>2-picture description with describing words,<br>3-word chain sentence chain,<br>4-make words,& sentences<br>5-make riddles, conversations,<br>4-Add more lines ,<br>ACTIVITIES - speech , book review, quiz riddles,self introduction.<br>School radio ,makes description magazines etc | August and march | Teacher | |
| To express thoughts | | | | |

| | | | | |
|---|---|---|---|---|
| feelings etc<br><br>Reading skill<br><br><br><br><br><br>Writing skills | riddles, self introduction. School radio ect<br>1-News paper reading, library books reading, book review, reading<br>2 -conversations, skit stories use ICT materials<br>3-Reads breaking news,<br>4--develop story,<br>5-Read notice<br><br>1-description ,<br>2-notice proclamation,<br>3-Thought<br>ACTIVITIES - speech quiz riddles,. School radio ,makes magazines, skits etc | October and November | teacher | |

# ഗണിതം - ക്ലാസ് - 2

| ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല |
|---|---|---|---|
| ചതുരം, വൃത്തം, ത്രികോണം, (ചതുരസ്തംഭം, ത്രികോണസ്തംഭം, വൃത്തസ്തംഭം )എന്നിവ തിരിച്ചറിയൽ<br><br>*പത്തുകളും ഒറ്റകളും തിരിച്ചറിയാൻ<br><br>50മുതൽ 100 വരെയുള്ളസംഖ്യകൾ തിരിച്ചറിയുന്ന എഴുതുന്ന<br><br>*അവയുടെ പകുതി, ഇരട്ടി, കൂട്ടൽ, കുറവ്, വലിയ സംഖ്യ, ചെറിയ സംഖ്യ, എന്നിവ തിരിച്ചറിയൽ<br><br>**ശരീരികവും മാനസികാവുമായക്ഷമതയുറപ്പിക്കൽ | *വിവിധ പാറ്റേണുകൾ, പൂർത്തിയാക്കൽ<br><br>*ചതുരം, വൃത്തം, ത്രികോണം, (ചതുരസ്തംഭം, ത്രികോണസ്തംഭം, വൃത്തസ്തംഭം )ഉപയോഗിച്ച് രൂപങ്ങൾ നിർമ്മിക്കൽ<br><br>*വിവിധ സങ്കലന വ്യവകലനങ്ങൾ ചെയ്യൽ<br>*സംഖ്യ കാർഡ്<br><br>*ഗണിത സഞ്ചി<br><br>*സംഖ്യഗാനങ്ങൾ<br><br>*ചുറ്റുപാടിൽനിന്നും പരിചിതമായസാഹചര്യങ്ങളിൽനിന്നും ഗണിത ആശയങ്ങൾ നേടാനുള്ള പ്രവർത്തനങ്ങൾ നൽകൽ<br><br>*ചിത്രങ്ങളുടെ സഹായത്തോടെ സംഖ്യബോധം ഉറപ്പിക്കുന്നു<br><br>*കളികളിലൂടെ ഉള്ള ഗണിത പ്രവർത്തനം<br><br>*ജ്യമിതിയ രൂപങ്ങളുടെ നിർമാണം<br><br>*വിട്ടുപോയവ കണ്ടെത്തൽ | ജൂൺ -ഒക്ടോബർ | ടീച്ചർ |

| | | | |
|---|---|---|---|
| | *ദിനചാരണ ഭാഗമായി ഗണിത് സമസ്യ കളും ശാസ്ത്രജ്ഞരെയും പരിചയപ്പെടാൻ<br><br>*മാഗസിൻ നിർമാണം | | |

അക്കാദമിക മാസ്റ്റർ പ്ലാൻ മലയാളം. മൂന്നാം ക്ലാസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ. | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായന.. അക്ഷരസ്ഫുടതയോടെയും ഒഴുക്കോടെയും ആശയവ്യക്തതയോടെയുംഉള്ള വായന. | വായനകാർഡ് വായന ഗ്രൂപ്പ് വായന വ്യക്തിഗത വായന, ഉച്ചത്തിൽ വായന,. കുട്ടി വായിക്കുന്നതിന്റെ ഓഡിയോ, വീഡിയോ അയച്ചു തരുന്നു. | 4 ആഴ്ച | ക്ലാസ് ടീച്ചർ | |
| ആശയം പറയാം | വായനകാർഡ് രക്ഷിതാവിന് വായിച്ച് കേൾപ്പിക്കുന്നു. വായിച്ചറിഞ്ഞ ആശയം രക്ഷിതാവിന് പറഞ്ഞുകൊ | ജൂൺ ജൂലൈ | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| കഥ കവിത എന്നിവ കേട്ട് സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു | കവിത കേട്ട് ആസ്വദിക്കാനുള്ള അവസരം നൽകുന്നു സംഘമായി അവതരിപ്പിക്കുന്നു | ജൂൺ -ആഗസ്റ്റ് | ക്ലാസ് ടീച്ചർ | |
| കവിത അവതരണം | കേട്ട് ആസ്വദിച്ച് കവിത വ്യക്തിഗതമായും സംഘമായും അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു കാവിയോത്സവം സംഘടിപ്പിക്കുന്നു | ജൂൺ - ഒക്ടോബർ | അധ്യാപകൻ | |
| കഥാകവിത പൂർത്തിയാക്കൽ | നൽകുന്ന കഥ കവിത സർഗാത്മകമായി പൂർത്തിയാക്കുന്നു | ജൂൺ -മാർച്ച് | അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| | ടുക്കുന്നു. കൂട്ടുകാർക്കു മുൻപിൽ ഒഴുക്കോടെയുള്ള വായന കുട്ടിക്ക് കഥ കാർഡ് / കഥാബുക്ക് നൽകുന്നു. കഥാപാത്രങ്ങളെക്കുറിച്ചും കഥയെക്കുറിച്ചും അഭിപ്രായം പറയാൻ അവസരം നൽകുന്നു. | | | |
| വായനാനുഭവം പങ്കുവയ്ക്കൽ, എഴുതൽ, ചിത്രീകരണം | ക്ലാസ് റൂം ലൈബ്രറി ഒരുക്കുന്നു. പുസ്തക വിതരണം വായിച്ച പുസ്തകത്തെക്കുറിച്ചു ള്ള വായനാനുഭവം പങ്കുവെക്കൽ, എഴുതൽ | ജൂൺ - ജനുവരി | അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| | അവതരിപ്പിക്കുന്നു | | | |
| സർഗാത്മക രചനയിൽ ഏർപ്പെടുന്നു | കുട്ടികൾ തയ്യാറാക്കിയ മികച്ച പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കുന്നു | ജൂൺ മാർച്ച്- | അധ്യാപകൻ | |

അക്കാദമിക മാസ്റ്റർ പ്ലാൻ ഗണിതം മൂന്നാം ക്ലാസ് 2025- 26

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചതുരം ത്രികോണം വൃത്തം എന്നീ രൂപങ്ങളെ കുറിച്ച് ധാരണ നൽകുന്നു | ഈർക്കിളികൾ ഉപയോഗിച്ച് ത്രികോണം വൃത്തം ചതുരം എന്നിവ നിർമ്മിക്കുന്നു | ജൂൺ -ജൂലൈ | അധ്യാപകൻ | |
| എല്ലാ കുട്ടികളിലുംസംഖ്യ ബോധം ഉണ്ടാക്കുക | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്റ്റംബർ | അധ്യാപകൻ | |
| സങ്കലന -വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | • മനക്കണക്കുകൾ<br>• നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ഒക്ടോബർ -നവംബർ | അധ്യാപകൻ | |
| ഗുണന വസ്തുതകൾ നേടൽ | • മനക്കണക്കുകൾ<br>• മഞ്ചാടിക്കളി | ഡിസംബർ -ജനവരി | അധ്യാപകൻ | |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഐസിടി ഉപയോഗിച്ച് | ജനവരി-മാർച്ച് | അധ്യാപകൻ | |

അക്കാദമിക മാസ്റ്റർ പ്ലാൻ.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം [illegible] |
|---|---|---|---|---|
| സസ്യങ്ങളെ തരംതിരിക്കുകയും ലോകത്തിലെവൈവിധ്യം ആസ്വദിക്കുകയും ചെയ്യുക | • ഞാനും എന്റെ പരിസര വും<br>• പൂന്തോട്ടം ഒരുക്കാം | ജൂൺ- ജനുവരി | അധ്യാപകൻ | |
| പരി സ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക. | • പ്രകൃതി നടത്തം.<br>• ഒരു മരം നടാം<br>• പോസ്റ്റർ നിർമ്മാണം | ജൂൺ- ജനുവരി | അധ്യാപകൻ | |
| കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക. | • ദിന കൃത്യങ്ങൾ<br>• പരിസര നടത്താം<br>• നല്ല ശീലം | ജൂലൈ- മാർച്ച് | അധ്യാപകൻ | |
| ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക | • ഫീൽഡ് ട്രിപ്പ്<br>• ശാസ്ത്രജ്ഞനോടൊപ്പം<br>• പക്ഷിനിരീക്ഷണം | ജനുവരി- ഫെബ്രുവരി | | |

**ACADEMIC MASTER PLAN 2025-2026**
**S.T.D 3 ENGLISH**

| AIMS | ACTIVITIES | DURATION | CHARGE | ECONOMIC SOURCE |
|---|---|---|---|---|
| • To study alphabets | • pre test<br>• write simple words | JUNE-JULY | Teacher-Students | P.T.A |
| • to write,study and read simple words | • circle the word from TB and read | AUGUST - SEPTEMBER | Teacher-Students | nil |
| • create more opportunities for english speaking in the class room | CLASS ROOM COMMUNICATION SHOULD BE IN ENGLISH<br>• may I go to wash room?<br>• Hello,Everyone<br>• Good morning all<br>• Can I drink some water?<br>• How are you today?<br>• All of you are doing | ACADEMIC YEAR | Students-Teachers | nil |

| | | | | |
|---|---|---|---|---|
| | well? | | | |
| • practicing word games | giving more unfamiliar words and making mini words from it,to form a meaningful word | ACADEMIC YEAR | teacher<br>Students<br>Parents | nil |
| • collecting words to the word web | for better writings kids should be capable to catch more and more connecting words,according to the context | OCTOBER-NOVEMBER | teacher -students | SRG |
| • dictionary making | collecting pictures matching to classroom textbook's context and preparing attractive class dictionary | DECEMBER-JANUARY | H.M<br>teacher<br>students<br>Parents | P.T.A |
| • picture story, publication | preparing kids own story books with the help of different colourful pictures | FEBRUARY-MARCH | H.M<br>teacher<br>Students<br>Parents | P.T.A |

Downloaded from: https://textbooksall.blogspot.com/

## ഗണിതം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **കളിക്കാം..ഗണിക്കാം** | | | | |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ- നടപ്പാക്കൽ- മൂല്യനിർണയം. (ഏണിയും പാമ്പും , ഡയസ് കളി) സങ്കലനം- വ്യവകലനം. (കച്ചവടക്കളി) | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം..** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിതപഠനോപകരണശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | ടങ്ങഎ<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതമേള** | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |

Class: 4A

RAJESH.T.R

Downloaded from: https://textbooksall.blogspot.com/

## മലയാള ഭാഷ (Std IV)

| മധുരം മലയാളം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പി ക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ-<br>പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദന കുറിപ്പ്.<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

class :4A
RAJESH·T·R

Downloaded from: https://textbooksall.blogspot.com/

| | | | | |
|---|---|---|---|---|
| **കണ്ടറിയാം... കേട്ടറിയാം...** | | | | |
| അറിവ് ഡോക്യു മെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളു മായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ. പ്രദർ ശിപ്പിക്കൽ | ആവശ്യാനുസ രണം | Class Teacher | PTA |
| **രുചിച്ചറിയാം...** | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണ ങ്ങൾ പരിചയപ്പെ ടൽ | ഭക്ഷ്യമേള - പാചക കുറിപ്പട ങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |
| **ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ)** | | | | |
| സാഹിത്യകാരന്മാ രുടെ ജന്മ- ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം - ക്വിസ് ലഘു പ്രഭാ ഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസ രണം | SRG<br>Class Teacher<br>CPTA | |
| **കലക്കൂട്ട്** | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കല യുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമ യങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher | PTA |
| **സർഗ്ഗോത്സവം** | | | | |
| ഭാഷാ പഠന ത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസ ത്തോടെ അവതരി പ്പിക്കൽ | കുട്ടികളുടെ സർഗ്ഗ ശേഷികളുടെ പ്രദർശനം | വർഷത്തിലൊരി ക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

# ക്ലാസ്സ് മാസ്റ്റർപ്ളാൻ 2025-26

ക്ലാസ്സ് :നാല്

വിഷയം : മലയാളം

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അക്ഷരത്തെളിച്ചം | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ<br>1 മുന്നറിവ് പരീക്ഷ ജൂൺ<br>നേട്ടമളക്കൽ പരീക്ഷ - | ജൂലൈ -ഡിസംബർ<br><br>സെപ്റ്റംബർ &ഡിസംബർ | ക്ലാസ്സ് ടീച്ചർ | |
| സർഗാത്മക ഡയറി<br><br>മികച്ച ഡയറിക്കുറിപ്പുകൾ കണ്ടെത്തൽ .പതിപ്പാക്കൽ | കുട്ടികളുടെ ലേഖനപരമായ സർഗ്ഗാത്മക പ്രകടനം | ജൂലൈ -ഫെബ്രുവരി<br><br>ടേമിൽ ഒരു തവണ | | |
| സർഗ്ഗവേള | കുട്ടികളുടെ കലാപരമായ ശേഷി കണ്ടെത്തുന്നതിനും വളർത്തുന്നതിനും | എല്ലാ വെള്ളിയാഴ്ചയും | | |
| കവിതാപുസ്തകം<br>കഥാപുസ്തകം | കവിതാരചനശേഷി പോഷിപ്പിക്കുന്നതിന് | ജൂലൈ -ഫെബ്രുവരി | | |
| രചനാ പത്രിക | കുട്ടികളുടെ രചനകളെ പ്രോത്സാഹിപ്പിക്കുന്നതിന് | ആഗസ്റ്റ് -ഫെബ്രുവരി - മാസത്തിൽ ഒന്ന് | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

വിഷയം : പരിസരപഠനം

ക്ലാസ്സ് :4

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പത്രവാർത്ത ക്വിസ് | സമകാലിക അറിവുകൾ ലഭിക്കുന്നതിന് | ജൂലൈ -ഫെബ്രുവരി | അധ്യാപകർ | |
| ദിനാചരണ ക്വിസ് | പൊതു കാര്യങ്ങളെ കുറിച്ച് അറിവ് നേടുന്നതിന്<br>1 ബഹിരാകാശ ക്വിസ്<br>2 ഇന്ത്യ ക്വിസ്<br>3 സ്വാതന്ത്ര്യദിന ക്വിസ്<br>4 കാർഷിക ക്വിസ്<br>5 ഗാന്ധി ക്വിസ്<br>5 കേരളക്വിസ്<br>6 ശിശുദിന ക്വിസ് | ജൂൺ -മാർച്ച് | അധ്യാപകർ<br>SRG | |
| ശാസ്ത്രപതിപ്പ് | നേടിയ അറിവുകളുടെ രചന<br>1 പരിസ്ഥിതി പതിപ്പ്<br>2 ഇന്ത്യ പതിപ്പ് | ജൂലൈ -ഫെബ്രുവരി<br>മാസത്തിൽ ഒന്ന് | അധ്യാപകർ ,SRG | |
| ആൽബം | അറിവുകളും ചിത്രങ്ങളും ശേഖരിക്കുന്നതിന് | ജൂൺ -ജനുവരി | അധ്യാപകർ<br>രക്ഷിതാക്കൾ | |
| ഭൂപടമൊരുക്കാം വായിക്കാം | ഭൂപട വായന | ജൂലൈ -ആഗസ്റ്റ് | അധ്യാപകർ | |
| പരീക്ഷണക്കളരി | പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിന് | സെപ്റ്റംബർ-നവംബർ | അധ്യാപകർ<br>രക്ഷിതാക്കൾ | |
| ഫീൽഡ് ട്രിപ്പ് | നിരീക്ഷിക്കുന്നതിനും കണ്ടെത്തുന്നതിനും | ജൂൺ - ജനുവരി | രക്ഷിതാക്കൾ<br>അധ്യാപകർ | |
| ശാസ്ത്രോത്സവം | കണ്ടെത്തിയതും നേടിയതുമായവ പ്രദർശിപ്പിക്കൽ | നവംബർ<br>മാർച്ച് | അധ്യാപകർ<br>രക്ഷിതാക്കൾ | |

# ACADEMIC MASTER PLAN - ENGLISH ( 2025 - 26 )

## Class - 4

| Aims | Activities | Duration | Charge | Economic source |
|---|---|---|---|---|
| To write English without error | **English diary** - write the whole day activities as diary | Thrice in a week | Class Teacher | |
| To improve the ability to read and speak English effectively | **English assembly -** conduct and lead school English assembly | Once in a week | Class teacher | |
| To develop reading skills | **English corner** Setting up a class library with English books appropriate to the standard of students | June - March | Class teacher | Parents |
| To build confidence in handling the English language | **English fest**<br><br>*Reading competition<br>*Writing competition<br>*Other English performances | Once every three months | HM<br>Class teacher<br>SMC | PTA |

# എൽ പി അറബിക്ക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മുഴുവൻ കുട്ടികളിലും വായനാ ശേഷി വളർത്തൽ | ● ചിത്രങ്ങൾ ഉൾപ്പെടുത്തിയുള്ള വായനാ കാർഡ് നിർമ്മാണം<br>● വായനക്കനുയോജ്യമായ അന്തരീക്ഷം ഒരുക്കൽ<br>● വായനാ മത്സരം സംഘടിപ്പിക്കുന്നു<br>● ക്ലാസ് വായന<br>● അറബിക് ക്വിസ് മത്സരം<br>● അക്ഷര വായന | ജൂൺ ഫെബ്രുവരി | അധ്യാപകർ | |
| എഴുത്ത്<br>1,2,3,4 ക്ലാസുകളിലെ മുഴുവൻ കുട്ടികൾക്കും അറബി തെറ്റു കൂടാതെ എഴുതാനുള്ള ശേഷി വളർത്തൽ | ● ചിത്രങ്ങൾ കാണിച്ച് പേരെഴുതിക്കൽ<br>● പദനിർമ്മാണം<br>● പിരിച്ചെഴുതിയ വാക്കുകളെചേർത്തി എഴുതാൻ നൽകുന്നു.<br>● കുട്ടി എഴുത്ത് പഠനം | | | |

# എൽ പി അറബിക്ക് ............

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനത്തിൽ പിന്നോക്കംനിൽക്കുന്ന കുട്ടികൾക്കായി അറബിക് മധുരംഎന്ന പദ്ധതി ആരംഭിക്കുന്നു | • മുന്നറിവ് പരിശോധിക്കൽ<br>• അക്ഷരങ്ങൾ ഉറപ്പിക്കൽ<br>• ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>•<br>•<br>•<br>•<br>•<br>•<br>• | ആഗസ്റ്റ് ഡിസംബർ | അധ്യാപകർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## വിഷയം- അടിസ്ഥാനശാസ്ത്രം

കാലയളവ്-2025-26

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | നിർവ്വഹണഏജൻസി |
|---|---|---|---|---|---|
| 1. | എല്ലാ ക്ലാസിലേയും പാഠ്യപദ്ധതിയിൽ പറഞ്ഞിരിക്കുന്ന മുഴുവൻ പഠനപ്രവർത്തനങ്ങൾക്കും കുട്ടികളെ പ്രാപ്തരാക്കുക. | • ഓരോ യൂണിറ്റും ഉൾക്കൊള്ളിച്ച് വർക്ക്ഷീറ്റുകൾ<br>• പ്രക്രിയാധിഷ്ഠിത ക്ലാസ്സും അനുഭവങ്ങൾ<br>• നിരന്തര മൂല്യനിർണ്ണയത്തിന് ആവശ്യമായ സങ്കേതങ്ങൾ യൂണിറ്റ് ടെസ്റ്റുകൾ | June to feb | | ശാസ്ത്ര അധ്യാപകർ |
| 2. | ശാസ്ത്ര പരീക്ഷണങ്ങൾ സ്വന്തമായും ആത്മവിശ്വാസത്തോടെയും ചെയ്യുന്നതിനും എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക. | • മുഴുവൻ കുട്ടികളേയും ഗ്രൂപ്പുകളാക്കി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.<br>• പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ<br>• ശാസ്ത്രവുമായിബന്ധപ്പെട്ട ദിനാചരണങ്ങൾ സ്കൂൾ അസംബ്ലിയിലും ശാസ്ത്ര ക്ലബ്ബിലും അവതരിപ്പിക്കൽ<br>• ശാസ്ത്രമേളയിലേക്ക് അവസരം | June to sept | | ശാസ്ത്ര ക്ലബ്ബ് |
| 3. | ശാസ്ത്രാശയങ്ങൾ നിത്യജീവിതത്തിൽ പ്രയോജനപ്പെടുത്തൽ | • ശാസ്ത്ര പ്രാധാന്യമുള്ള ദിനങ്ങൾ ക്ലാസ് തലത്തിൽ ആഘോഷിക്കൽ<br>• പ്രധാനദിനങ്ങളിൽ അസംബ്ലിയിൽ കുറിപ്പുകൾ, | June to feb | | ശാസ്ത്ര അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| | | ക്വിസ്, പരീക്ഷണങ്ങൾ എന്നിവ അവതരിപ്പിക്കൽ<br>• എല്ലാ പാഠഭാഗവുമായി ബന്ധപ്പെട്ട് അധികചോദ്യങ്ങളും പ്രവർത്തനങ്ങളും ഉൾപ്പെടുത്തി വർക്ക്ഷീറ്റുകൾ തയ്യാറാക്കൽ | | | |
| 4. | ശാസ്ത്ര പ്രതിഭാ പോഷണം | • ഇടർപ്രവർത്തനങ്ങൾ ഉയർന്ന നിലവാരമുള്ള ചോദ്യങ്ങളെ നേരിടാൻ പ്രാപ്തരാക്കൽ<br>• മാസത്തിലൊരു ശാസ്ത്രപരീക്ഷ | June to feb | | ശാസ്ത്ര അധ്യാപകർ |
